**മധുരമായ കുട്ടികളേ– നിങ്ങൾ ഈശ്വരീയ സേവകരും, സത്യമായ സാൽവേഷൻ ആർമി(മുക്തിസേന)യുമാണ്, നിങ്ങൾക്ക് എല്ലാവർക്കും ശാന്തിയുടെ സാൽവേഷൻ കൊടുക്കണം.**

**ചോദ്യം–** ആരെങ്കിലും നിങ്ങൾ കുട്ടികളോട് ശാന്തിയുടെ സാൽവേഷൻ ചോദിക്കുകയാണെങ്കിൽ അവർക്ക് നിങ്ങൾ എന്താണ് മനസ്സിലാക്കിക്കൊടുക്കേണ്ടത് ?
**ഉത്തരം–** അവരോട് പറയണം– ബാബ പറയുന്നു ഇവിടെത്തന്നെ നിങ്ങൾക്ക് ശാന്തി ആവശ്യമാണോ. ഇത് ശാന്തിധാമമല്ല. ശാന്തി ലഭിക്കുന്നത് ശാന്തിധാമത്തിൽ മാത്രമാണ്, അതിനെ മൂലവതനം എന്നും പറയുന്നു. ആത്മാവ് എപ്പോഴാണോ ശരീരത്തിൽ നിന്നും മുക്തമാവുന്നത് അപ്പോൾ ശാന്തി അനുഭവിക്കുന്നു. സത്യയുഗത്തിൽ പവിത്രത, സുഖം, ശാന്തി എല്ലാം ഉണ്ട്. ബാബ തന്നെയാണ് വന്ന് ഈ സമ്പത്ത് നൽകുന്നത്. നിങ്ങൾ ബാബയെ ഓർമ്മിക്കൂ.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, തന്റെ ശരീരത്തിനുള്ളിൽ ആത്മാവുണ്ട് എന്ന് എല്ലാവർക്കും അറിയാം, ജീവാത്മാവ് എന്ന് പറയാറുണ്ടല്ലോ. ആദ്യം നമ്മൾ ആത്മാക്കളായിരുന്നു, പിന്നീടാണ് ശരീരം ലഭിക്കുന്നത്. ആരും തന്റെ ആത്മാവിനെ കണ്ടിട്ടില്ല. കേവലം ആത്മാവുണ്ട് എന്നതുമാത്രം അറിയാം. എങ്ങനെയാണോ, ആത്മാവിനെ അറിയാം പക്ഷെ കാണാൻ കഴിയാത്തത്, അതുപോലെ പരമപിതാ പരമാത്മാവിനെക്കുറിച്ചും പറയാറുണ്ട്, പരമമായ ആത്മാവ്, അതായത് പരമാത്മാവിനെയും ആരും കണ്ടിട്ടില്ല. ആത്മാവിനെയും, പരമാത്മാവിനെയും കാണാൻ കഴിയില്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു എന്ന് പറയുന്നുണ്ടെങ്കിലും ആർക്കും യഥാർത്ഥ രീതിയിൽ ഇതിനെക്കുറിച്ച് അറിയില്ല. 84 ലക്ഷം യോനികൾ എന്നും പറയുന്നു, വാസ്തവത്തിൽ 84 ജന്മങ്ങൾ മാത്രമാണ്. ഏതെല്ലാം ആത്മാക്കൾ എത്ര ജന്മങ്ങൾ എടുക്കുന്നു എന്നു പോലും അറിയില്ല. ആത്മാക്കൾ എല്ലാവരും തന്റെ പിതാവിനെ വിളിക്കുന്നുണ്ടെങ്കിലും യഥാർത്ഥ രീതിയിൽ അറിഞ്ഞിട്ടോ കണ്ടിട്ടോ ഇല്ല. എപ്പോഴാണോ ആത്മാവിനെ യഥാർത്ഥ രീതിയിൽ അറിയുന്നത് അപ്പോഴേ ബാബയേയും അറിയാൻ സാധിക്കൂ. അവനവനെത്തന്നെ അറിയുന്നില്ലെങ്കിൽ പിന്നെ എങ്ങനെ മനസ്സിലാക്കിക്കൊടുക്കാനാണ്? ഇതിനെയാണ് സ്വയത്തെ തിരിച്ചറിയുകയെന്ന് പറയുന്നത്. ഇത് ബാബക്കല്ലാതെ മറ്റാർക്കും ചെയ്യിക്കാൻ കഴിയില്ല. ആത്മാവ് എന്താണ്, എങ്ങിനെയുള്ളതാണ്, ആത്മാവ് എവിടെനിന്നും വരുന്നു, എങ്ങനെ ജന്മമെടുക്കുന്നു, ഇത്രയും ചെറിയ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് എങ്ങനെ അടങ്ങിയിരിക്കുന്നു, ഇതിനെക്കുറിച്ചൊന്നും ആർക്കും തന്നെ അറിയില്ല. അവനവനെത്തന്നെ അറിയുന്നില്ല, എങ്കിൽ ബാബയേയും മനസ്സിലാക്കില്ല. ഈ ലക്ഷ്മീനാരായണന്മാരും മനുഷ്യവംശത്തിലുള്ളവരല്ലേ. ഇവർ എങ്ങനെ ഈ പദവി നേടി എന്ന് ആർക്കും അറിയില്ല. മനുഷ്യർക്ക് തന്നെയാണ് ഇതിനെക്കുറിച്ച് അറിയേണ്ടത്. ഇവർ വൈകുണ്ഠത്തിന്റെ അധികാരികളായിരുന്നെന്ന് പറയുന്നുണ്ട്, പക്ഷേ ഇവർക്ക് എങ്ങനെ അധികാരി പദവി ലഭിച്ചു, പിന്നീട് ആ പദവികൾ എവിടെപ്പോയി? ഇതൊന്നും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് എല്ലാറ്റിനെക്കുറിച്ചും അറിയാം. മുൻപ് ഒന്നും അറിഞ്ഞിരുന്നില്ല.കുട്ടികൾക്ക് വക്കീൽ പദവി എന്താണെന്നുള്ളത് നേരത്തേ തന്നെ അറിയില്ലല്ലോ. പഠിച്ച് പഠിച്ചാണ് വക്കീൽ പദവി നേടുന്നത്. ഈ ലക്ഷ്മീനാരായണന്റെ പദവി ലഭിക്കുന്നതും പഠിപ്പിലൂടെയാണ്. വക്കീലാകുന്നതിനു വേണ്ടിയും, ഡോക്ടറാകുന്നതിനു വേണ്ടിയും പുസ്തകങ്ങൾ ഉള്ളതുപോലെ ഈ ലക്ഷ്മീ നാരായണന്റെ പദവി നേടുന്നതിനുള്ള പുസ്തകമാണ് ഗീത. ആരാണ് ഗീത കേൾപ്പിച്ചത്, ആരാണ് രാജയോഗം അഭ്യസിപ്പിച്ചത് എന്നതിനെക്കുറിച്ചൊന്നും ആർക്കും അറിയില്ല. ഗീതയിൽ പേരു മാറ്റി. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്, ശിവബാബ തന്നെയാണ് വന്ന് നിങ്ങളെ കൃഷ്ണപുരിയുടെ അധികാരിയാക്കി മാറ്റുന്നത് . സ്വർഗ്ഗത്തിന്റെ അധികാരി കൃഷ്ണനായിരുന്നു. പക്ഷേ കൃഷ്ണനെക്കുറിച്ചുപോലും അറിയുന്നില്ല. കൃഷ്ണനെക്കുറിച്ച് അറിയുന്നുണ്ടെങ്കിൽ എന്തുകൊണ്ടാണ് കൃഷ്ണൻ ദ്വാപരയുഗത്തിൽ ഗീത കേൾപ്പിച്ചു എന്നു പറഞ്ഞത്? കൃഷ്ണനെ ദ്വാപരയുഗത്തിലേക്ക് കൊണ്ടുപോയി, ലക്ഷ്മീനാരായണനെ സത്യയുഗത്തിലേക്കും രാമനെ ത്രേതായുഗത്തിലേക്കും കൊണ്ടുപോയി. ലക്ഷ്മീ നാരായണന്റെ രാജ്യത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുകയില്ല. കൃഷ്ണന്റെ രാജ്യത്തിൽ കംസനേയും, രാമന്റെ രാജ്യത്തിൽ രാവണനേയുമാണ് കാണിച്ചിരിക്കുന്നത് . രാധയും കൃഷ്ണനുമാണ് ലക്ഷ്മീനാരായണനാകുന്നതെന്ന് ആർക്കും അറിയില്ല. തീർത്തും അജ്ഞാന അന്ധകാരത്തിലാണ്. അജ്ഞാനത്തെ അന്ധകാരം എന്നാണ് പറയുക. ജ്ഞാനത്തെ പ്രകാശം എന്നും പറയുന്നു. ഇപ്പോൾ പ്രകാശം നൽകുന്ന ആൾ ആരാണ്? ബാബയാണ് പ്രകാശം നൽകുന്നത്. ജ്ഞാനത്തെ പകലെന്നും, ഭക്തിയെ രാത്രിയെന്നും പറയുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ഈ ഭക്തിമാർഗ്ഗവും

ജന്മ ജന്മാന്തരങ്ങളായി ചെയ്തു വരുന്നതാണ്. ഏണിപ്പടി ഇറങ്ങി താഴേക്ക്വന്നു, കലകൾ കുറഞ്ഞു കൊണ്ടേയിരുന്നു. കെട്ടിടം പുതിയത് ഉണ്ടാക്കുന്നു. പിന്നീട് ഓരോ ദിവസവും അതിന്റെ ആയുസ്സ് കുറഞ്ഞുകൊണ്ടേയിരിക്കുന്നു. മുക്കാൽ ഭാഗവും പഴയതായി മാറിയാൽ അതിനെ പഴയതെന്നേ പറയൂ. കുട്ടികൾക്ക് ആദ്യം ഈ നിശ്ചയം ഉണ്ടായിരിക്കണം, ഇത് സർവ്വരുടെയും അച്ഛനാണ്. ബാബ സർവ്വരുടെയും സദ്ഗതി ചെയ്യുന്നു, എല്ലാവരെയും പഠിപ്പും പഠിപ്പിക്കുന്നു. ബാബ തന്നെയാണ് സർവ്വരേയും മുക്തിധാമത്തിലേക്ക് കൊണ്ടുപോകുന്നത്. നിങ്ങൾക്ക് ലക്ഷ്യം തന്നിട്ടുണ്ട്. നിങ്ങൾ ഈ പഠിപ്പ് പഠിച്ച് തന്റെ സിംഹാസനത്തിൽ പോയി ഇരിക്കുന്നു. ബാക്കി എല്ലാവരും മുക്തിധാമത്തിലേക്കും പോകുന്നു. സൃഷ്ടിചക്രത്തെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുമ്പോൾ, സത്യയുഗത്തിൽ അനേകം ധർമ്മങ്ങളില്ല എന്നുള്ളത് അതിൽ കാണിക്കുന്നുണ്ട്. നമ്മൾ സത്യയുഗത്തിലേക്ക് വരുന്ന സമയത്ത് മറ്റുള്ള ആത്മാക്കളെല്ലാം നിരാകാരീ ലോകത്തിലാണ് വസിക്കുന്നത്. ഈ ആകാശതത്വം അനന്തമായി വ്യാപിച്ചു കിടക്കുന്നു എന്നുള്ളത് നിങ്ങൾക്കറിയാം. വായുവിന്റെ പേര് വായു എന്നുതന്നെയാണ്, ആകാശതത്വത്തെ ആകാശം എന്നും പറയുന്നു. അല്ലാതെ ഇതിനെയൊന്നും പരമാത്മാവ് എന്നു പറയില്ല. വായുവിനെയും, ആകാശതത്വത്തെയും ഭഗവാൻ എന്നാണ് മനുഷ്യർ പറയുന്നത്. ഇപ്പോൾ ബാബ എല്ലാ കാര്യങ്ങളെക്കുറിച്ചും നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നു. അച്ഛന്റെ അടുത്ത് ജന്മമെടുത്തു, പിന്നീട് നിങ്ങളെ പഠിപ്പിക്കുന്നത് ആരാണ് ? ബാബ തന്നെ നമ്മുടെ ആത്മീയ ടീച്ചറായി നമ്മെ പഠിപ്പിക്കുന്നു. നല്ല രീതിയിൽ പഠിപ്പ് പൂർത്തീകരിക്കുകയാണെങ്കിൽ ബാബ കൂടെ മുകളിലേക്ക് കൊണ്ടുപോകും, പിന്നീട് നിങ്ങൾ പാർട്ട് അഭിനയിക്കുന്നതിനായി താഴേക്ക് ഇറങ്ങി വരുന്നു. സത്യയുഗത്തിൽ ഏറ്റവും ആദ്യം വന്നത് നിങ്ങൾ തന്നെയാണ്. ഇപ്പോൾ ഏറ്റവും അന്തിമ ജന്മത്തിലേക്ക് എത്തിയിരിക്കുകയാണ്, ഇനി നിങ്ങൾ വീണ്ടും ആദ്യം തന്നെ താഴേക്ക് ഇറങ്ങി വരുന്നു. ഇപ്പോൾ ബാബ പറയുന്നു, തീവ്രവേഗതയിൽ ഓടി മുന്നേറൂ. നല്ലരീതിയിൽ ബാബയെ ഓർമ്മിക്കൂ, മറ്റുള്ളവരേയും പഠിപ്പിക്കണം. ഇല്ലെങ്കിൽ ആരാണ് ഇത്രയും പേരെ പഠിപ്പിക്കുക? തീർച്ചയായും നിങ്ങൾ ബാബയുടെ സഹയോഗികളായിത്തീരില്ലേ. നിങ്ങളുടെ തന്നെ പേരാണ് ഈശ്വരീയ സേവകർ. ഇംഗ്ലീഷിൽ സാൽവേഷൻ ആർമി എന്നു പറയുന്നു. ഏതിൽ നിന്നുമാണ് സാൽവേഷൻ(മുക്തി) വേണ്ടത് ? എല്ലാവർക്കും ആവശ്യം ശാന്തിയാണ്. ബാക്കി ആർക്കും ശാന്തിയുടെ മുക്തി നൽകാൻ സാധിക്കില്ല. ആരാണോ ഇതുപോലെ ശാന്തിക്കുവേണ്ടി യാചിക്കുന്നത് അഥവാ മുക്തിക്കായി യാചിക്കുന്നത് അവരോട് പറയണം – ബാബ പറയുന്നു, ഈ ലോകത്തിൽ തന്നെ എങ്ങനെ ശാന്തി ലഭിക്കാനാണ്? ഈ ലോകത്തെ ശാന്തിധാമമെന്ന് പറയില്ല. ശാന്തിധാമത്തിൽ മാത്രമേ ശാന്തി ലഭിക്കൂ, ശാന്തിധാമത്തെ മൂലവതനമെന്നും പറയുന്നു. ആത്മാവ് ഈ ശരീരത്തിൽ നിന്നും മുക്തമായാൽ ശാന്തി മാത്രമാണ് അനുഭവിക്കുക. ശാന്തിയുടെ സമ്പത്ത് ബാബക്ക് മാത്രമേ നൽകാൻ സാധിക്കൂ. നിങ്ങളിലും മനസ്സിലാക്കിക്കൊടുക്കാനുള്ള യുക്തി ആവശ്യമാണ്. ചിത്രപ്രദർശിനിയിൽ, എല്ലാവരും പറഞ്ഞു കൊടുക്കുന്നത് നമ്മൾ മാറിനിന്ന് കേൾക്കുകയാണെങ്കിൽ വളരെയധികം പേരുടെ തെറ്റുകൾ കണ്ടുപിടിക്കാൻ സാധിക്കും. കാരണം മനസ്സിലാക്കിക്കൊടുക്കുന്നവരും നമ്പർവൈസാണ്. എല്ലാവരും ഒരുപോലെയാണ് മനസ്സിലാക്കിക്കൊടുക്കുന്നതെങ്കിൽ, ഇന്നയാളെത്തന്നെ പ്രഭാഷണത്തിന് പറഞ്ഞയക്കണം എന്ന് ഒരിക്കലും ബ്രാഹ്മണി എഴുതില്ല. ബാബ പറയുന്നു, നിങ്ങളും ബ്രാഹ്മണരല്ലെ. അപ്പോൾ അവർ പറയുന്നു, ബാബാ, ഇന്നയാൾ ഞങ്ങളെക്കാളും സമർത്ഥരാണ്. തന്റെ സമർത്ഥത കൊണ്ടാണ് മനുഷ്യർ പദവി നേടുന്നത്. എല്ലാവരും നമ്പർവൈസാണ്. എപ്പോഴാണോ പരീക്ഷയുടെ റിസൾട്ട് പുറത്ത് വരുന്നത് അപ്പോൾ നിങ്ങൾക്ക് സ്വതവേ സാക്ഷാത്കാരം ലഭിക്കുന്നു. പിന്നീട് മനസ്സിലാക്കാൻ സാധിക്കുന്നു ഞങ്ങൾ ശ്രീമതം പാലിക്കാത്തതുകൊണ്ടാണ് കുറഞ്ഞ പദവിയായത്. ദേഹധാരികളോട് മമത്വം വെക്കരുത്. ഇത് പഞ്ചതത്വങ്ങളാൽ നിർമ്മിക്കപ്പെട്ട ശരീരമല്ലേ. പഞ്ചതത്വങ്ങളെ ഒരിക്കലും പൂജിക്കുകയോ, ഓർമ്മിക്കുകയോ ചെയ്യരുത്. ഈ കണ്ണുകളിലൂടെ മറ്റുള്ളവരെ കണ്ടുകൊണ്ടും ബാബയെ ഓർമ്മിക്കണം. ആത്മാവിനിപ്പോൾ ജ്ഞാനം ലഭിച്ചിരിക്കുന്നു. ഇപ്പോൾ നമുക്ക് തിരികെ വീട്ടിലേക്ക് പോകണം. പിന്നീട് തിരിച്ച് വൈകുണ്ഠത്തിലേക്ക് വരണം. ആത്മാവിനെ അനുഭവിക്കാനേ സാധിക്കൂ. ഒരിക്കലും കാണുവാൻ സാധിക്കില്ല, അതുപോലെ നിങ്ങൾക്ക് ബാബയേയും അനുഭവിച്ചറിയാൻ സാധിക്കുന്നു. ബാക്കി ദിവ്യദൃഷ്ടിയിലൂടെ തന്റെ വീടിനേയും സ്വർഗ്ഗത്തേയും കാണാൻ സാധിക്കുന്നു. ബാബ പറയുന്നു– മന്മനാഭവ, മദ്ധ്യാജീ ഭവ. അർത്ഥം ബാബയേയും വിഷ്ണുപുരിയേയും ഓർമ്മിക്കൂ. നിങ്ങളുടെ ലക്ഷ്യം തന്നെ ഇതാണ്. നമുക്കിപ്പോൾ സ്വർഗ്ഗത്തിലേക്ക് പോകണം, ബാക്കി എല്ലാവർക്കും മുക്തീ ധാമത്തിലേക്കും പോകണമെന്ന് കുട്ടികൾക്കറിയാം. എല്ലാവർക്കും സത്യയുഗത്തിലേക്ക് വരാൻ സാധിക്കില്ലല്ലോ. നിങ്ങളുടേത് ദൈവീക ധർമ്മമാണ്. ബാക്കി എല്ലാം മനുഷ്യധർമ്മങ്ങളാണ്. മൂലവതനത്തിൽ മനുഷ്യരുണ്ടാകില്ലല്ലോ. ഇവിടെയാണ് മനുഷ്യസൃഷ്ടി ഉള്ളത് . മനുഷ്യർ തന്നെയാണ് തമോപ്രധാനവും പിന്നീട് സതോപ്രധാനവുമായിത്തീരുന്നത്. നിങ്ങൾ ആദ്യം ശൂദ്ര വർണ്ണത്തിലേതായിരുന്നു. ഇപ്പോൾ ബ്രാഹ്മണവർണ്ണത്തിലേതാണ്. ഈ വർണ്ണങ്ങളിലെല്ലാം വരുന്നവർ കേവലം ഭാരതവാസികളാണ്.

ബ്രാഹ്മണവംശികളെന്നും, സൂര്യവംശികളെന്നും മറ്റൊരു ധർമ്മത്തിലുള്ളവരെക്കുറിച്ചും പറയില്ല. ഈ സമയം ലോകത്തിലുള്ളവരെല്ലാം ശൂദ്രവർണ്ണത്തിലുള്ളവരാണ്. ജീർണ്ണിച്ച അവസ്ഥ പ്രാപിച്ചിരിക്കുകയാണ്. നിങ്ങൾ പഴയതായിത്തീരുമ്പോൾ മുഴുവൻ വൃക്ഷവും ജീർണ്ണിച്ചു പോകുന്നു, പിന്നെ വൃക്ഷം പൂർണ്ണമായും സതോപ്രധാനമാകില്ലല്ലോ. സതോപ്രധാനദൈവീക വൃക്ഷത്തിൽ കേവലം ദേവീദേവതാ ധർമ്മത്തിലുള്ളവരായിരിക്കും. പിന്നീട് നിങ്ങൾ സൂര്യവംശിയിൽ നിന്നും ചന്ദ്രവംശിയിലേക്ക് പോകുന്നു. പുനർജന്മം എടുക്കുമല്ലോ. പിന്നീട് വൈശ്യവംശി, ശൂദ്രവംശി.....ഈ കാര്യങ്ങളെല്ലാം പുതിയതാണ്.

നമ്മെ പഠിപ്പിക്കുന്നത് ജ്ഞാനസാഗരനാണ്. ബാബ തന്നെയാണ് പതീതപാവനനും, സർവ്വരുടെയും സദ്ഗതി ദാതാവും. ബാബ പറയുന്നു ഞാനാണ് നിങ്ങൾക്ക് ജ്ഞാനം നൽകുന്നത്. നിങ്ങൾ ദേവിദേവതകൾ ആയി മാറിയാൽ ഈ ജ്ഞാനം പിന്നീടുണ്ടാവുകയില്ല. അജ്ഞാനികൾക്കാണ് ജ്ഞാനം നൽകുക. എല്ലാ മനുഷ്യരും അജ്ഞാന അന്ധകാരത്തിലാണ്. നിങ്ങൾ മാത്രമാണ് പ്രകാശത്തിൽ. ബ്രഹ്മാവിന്റെ 84 ജന്മങ്ങളുടെ കഥ നിങ്ങൾ മാത്രമാണ് അറിയുന്നത്. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ മുഴുവൻ ജ്ഞാനവുമുണ്ട്. മനുഷ്യർ ചോദിക്കുന്നു, ഭഗവാൻ എന്തിനാണ് ഈ സൃഷ്ടി രചിച്ചത്, എന്താ ഇതിൽ നിന്നും മോക്ഷം ലഭിക്കില്ലേ!...ഇത് ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. അനാദി ഡ്രാമയല്ലേ. നിങ്ങൾക്കറിയാം ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു. വാസ്തവത്തിൽ ഇതിൽ ചിന്തിക്കേണ്ട കാര്യമെന്താണ് ? ആത്മാവ് തന്റെ അടുത്ത പാർട്ട് അഭിനയിക്കുന്നതിനുവേണ്ടി പോയിരിക്കുകയാണ്. തിരികെ ലഭിക്കുന്നതിനായാണ് കരയുന്നത്. തിരികെ വരില്ലെങ്കിൽ പിന്നെ കരഞ്ഞിട്ടെന്ത് പ്രയോജനം. ഇപ്പോൾ നിങ്ങളെല്ലാവർക്കും മോഹജീത്തായി മാറണം. ഈ ശ്മശാനത്തോട് എന്തിനു മോഹം വയ്ക്കണം. ഇതിൽ ദുഖം മാത്രമേയുള്ളൂ. ഇന്ന് കുട്ടി ജന്മമെടുത്തു, നാളെ ആ കുട്ടി അച്ഛന്റെ പദവി തട്ടിയെടുക്കാൻ പോലും മടിക്കില്ല. അച്ഛനുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കും. ഇതിനെയാണ് അനാഥരുടെ ലോകം എന്നു പറയുന്നത്. ശിക്ഷണം നൽകാൻ ഒരു നാഥനുമില്ല. ബാബ ഇങ്ങനെ ഒരു അവസ്ഥ കാണുമ്പോഴാണ് നിങ്ങളെ സനാഥരാക്കി മാറ്റാൻ വരുന്നത്. ബാബ തന്നെയാണ് എല്ലാവരെയും സനാഥരാക്കി മാറ്റുന്നത്. നാഥൻ വന്ന് എല്ലാ കലഹങ്ങളും അകറ്റുന്നു. സത്യയുഗത്തിൽ കലഹങ്ങളേ ഉണ്ടാകുന്നില്ല. മുഴുവൻ ലോകത്തിലെ പ്രശ്നങ്ങളും അകറ്റുന്നു, പിന്നെ ജയാരവം മുഴങ്ങുന്നു. ഇവിടെ ഭൂരിപക്ഷവും മാതാക്കളാണ്. ഇവരെത്തന്നെയാണ് ദാസികളാണെന്ന് കരുതിയിരുന്നത്. താലികെട്ടുന്ന സമയത്ത് പറയുന്നു, നിങ്ങളുടെ പതി തന്നെയാണ് ഈശ്വരനും ഗുരുവും. ആദ്യം മിസ്റ്റർ, ശേഷമേ മിസിസ്സ് എന്ന് എഴുതൂ. ഇപ്പോൾ ബാബ വന്ന് മാതാക്കളെയാണ് മുന്നിൽ വെക്കുന്നത്. നിങ്ങളുടെ മേൽ ആർക്കും തന്നെ വിജയം പ്രാപ്തമാക്കാൻ സാധിക്കില്ല. നിങ്ങൾക്ക് ബാബ എല്ലാ കാര്യങ്ങളും പഠിപ്പിച്ചു തരുന്നു. മോഹജീത്ത് രാജാവിന്റെ കഥയുണ്ടല്ലോ. അതെല്ലാം തന്നെ ഉണ്ടാക്കപ്പെട്ടിട്ടുള്ള കഥകളാണ്. സത്യയുഗത്തിൽ അകാലമരണങ്ങൾ ഒന്നും തന്നെ ഉണ്ടാകില്ല. സമയത്തിനനുസരിച്ച് ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു. ശരീരം ഉപേക്ഷിക്കുന്ന സമയത്ത് സാക്ഷാത്കാരം ലഭിക്കുന്നു. ഇപ്പോൾ ഈ ശരീരം വൃദ്ധനായിരിക്കുന്നു, വീണ്ടും പുതിയതെടുക്കണം, ചെറിയ കുട്ടിയായി മാറണം. സന്തോഷത്തോടുകൂടി ശരീരം ഉപേക്ഷിക്കുന്നു. ഇവിടെ എത്ര തന്നെ വയസ്സായായാലും, രോഗിയായാലും ഈ ശരീരം ഉപേക്ഷിച്ചാൽ നല്ലതാണെന്ന് മനസ്സിലാക്കുന്നു, എന്നിട്ടും മരിച്ചാൽ കരയുന്നു. ബാബ പറയുന്നു ഇപ്പോൾ നിങ്ങൾ കരയേണ്ട ആവശ്യം തന്നെ ഇല്ലാത്ത ഒരു സ്ഥലത്തേക്കാണ് പോകുന്നത്. അവിടെ (സത്യയുഗം) സന്തോഷം തന്നെ സന്തോഷമാണ്. നിങ്ങൾക്ക് പരിധിയില്ലാത്ത അപാര സന്തോഷം ഉണ്ടായിരിക്കണം. കാരണം നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറാൻ പോകുകയാണ്. ഭാരതം മുഴുവൻ വിശ്വത്തിന്റെയും അധികാരിയായിരുന്നു. ഇപ്പോൾ തുണ്ടം തുണ്ടമായിരിക്കുകയാണ്. നിങ്ങൾ തന്നെയാണ് പൂജ്യ ദേവതകളായിരുന്നത്. വീണ്ടും നിങ്ങൾ തന്നെ പൂജാരിയാകുന്നു. ഭഗവാൻ സ്വയം പൂജ്യനും, പൂജാരിയുമായി മാറുന്നില്ല. ഭഗവാൻ തന്നെ സ്വയം പൂജാരിയായിത്തീരുന്നുവെങ്കിൽ പിന്നീട് നിങ്ങളെ ആര് പൂജ്യനാക്കി മാറ്റാനാണ്. ഡ്രാമയിൽ ബാബയുടെ പാർട്ട് തന്നെ വ്യത്യസ്തമാണ്. ജ്ഞാനത്തിന്റെ സാഗരൻ ബാബയാണ്, ബാബക്ക് മാത്രമാണ് മഹിമയുള്ളത്. ബാബ ജ്ഞാനസാഗരനാണ്. എങ്കിൽ സദ്ഗതി ലഭിക്കുന്നതിനായി എപ്പോൾ വന്ന് ജ്ഞാനം നൽകും? തീർച്ചയായും ഇവിടെ വരേണ്ടിവരും. ആദ്യംനമ്മളെ പഠിപ്പിക്കുന്ന ആൾ ആരാണെന്നുള്ള കാര്യം ബുദ്ധിയിൽ ഉറപ്പിക്കൂ.

ത്രിമൂർത്തി, സൃഷ്ടിചക്രം, കല്പവൃക്ഷം ഇതാണ് മുഖ്യമായ ചിത്രങ്ങൾ. വൃക്ഷത്തിന്റെ ചിത്രത്തെ കാണുമ്പോൾ നമ്മൾ ഏത് ധർമ്മത്തിലുള്ളവരാണെന്നും, നമുക്ക് സത്യയുഗത്തിലേക്ക് വരാൻ സാധിക്കില്ല എന്നും പെട്ടെന്നുതന്നെ മനസ്സിലാക്കാൻ സാധിക്കുന്നു. സൃഷ്ടിചക്രത്തിന്റെ ചിത്രം വളരെ വലുതായിരിക്കണം. എഴുത്തും വ്യക്തമായിരിക്കണം. ശിവബാബ ബ്രഹ്മാവിലൂടെ ദേവതാധർമ്മം അഥവാ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്, ശങ്കരനിലൂടെ പഴയ ലോകത്തിന്റെ

വിനാശവും, വിഷ്ണുവിലൂടെ പുതിയ ലോകത്തിന്റെ പാലനയും ചെയ്തു കൊണ്ടിരിക്കുന്നു എന്നുള്ളത് അവർക്ക് വ്യക്തമായി മനസ്സിലാകണം. ബ്രഹ്മാ സൊ വിഷ്ണു, വിഷ്ണു സൊ ബ്രഹ്മാ, രണ്ടുപേർക്കും പരസ്പരം സംബന്ധമുണ്ട്. ബ്രഹ്മാ-സരസ്വതി തന്നെയാണ് പിന്നീട് ലക്ഷ്മീനാരായണനായി മാറുന്നത്. ഒരു ജന്മം കൊണ്ട് കയറുന്ന കലയും, പിന്നീട് 84 ജന്മം എടുക്കുമ്പോൾ കലകൾ ഇറങ്ങുകയും ചെയ്യുന്നു. ശാസ്ത്രങ്ങളാണോ ശരി, അതോ ബാബ പറയുന്നതാണോ ശരി? ഞാൻ സത്യമായ സത്യനാരായണന്റെ കഥയാണ് കേൾപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് നിശ്ചയമുണ്ട് സത്യമായ ബാബയിലൂടെ നമ്മൾ നരനിൽ നിന്നും നാരായണനായി മാറിക്കൊണ്ടിരിക്കുകയാന്. ആദ്യത്തെ മുഖ്യമായ കാര്യം തന്നെ ഇതാണ്, ഒരു മനുഷ്യനെപ്പോലും അച്ഛൻ, ടീച്ചർ, സദ്ഗുരു എന്ന് പറയില്ല. ഗുരുവിനെ അച്ഛൻ അഥവാ ടീച്ചർ എന്ന് എപ്പോഴെങ്കിലും പറയാറുണ്ടോ? ഇവിടെ ശിവബാബയുടെ അടുത്ത് ജന്മമെടുത്തു, ശിവബാബ തന്നെയാണ് നിങ്ങളെ പഠിപ്പിക്കുന്നത്, തിരികെ വീട്ടിലേക്ക് കൂടെ കൊണ്ടുപോകുന്നു. അച്ഛന്റെയും, ടീച്ചറിന്റേയും, ഗുരുവിന്റെയും പാർട്ട് അഭിനയിക്കുന്ന ഒരു മനുഷ്യനും ഉണ്ടാകില്ല. ഇവിടെ ഒരേയൊരു ബാബയാണ്, ബാബയെത്തന്നെയാണ് പരമപിതാവെന്ന് പറയുന്നത്. ലൗകീക പിതാവിനെ ഒരിക്കലും പരമപിതാവെന്ന് പറയില്ല. എല്ലാവരും ഓർമ്മിക്കുന്നത് പരമപിതാവിനെയാണ്. ബാബ തന്നെയാണ് എല്ലാവരുടെയും അച്ഛൻ. ദുഖത്തിൽ എല്ലാവരും ഈശ്വരനെ സ്മരിക്കുന്നു. സുഖത്തിൽ ആരും തന്നെ സ്മരിക്കുന്നില്ല. അപ്പോൾ ഈ ബാബ തന്നെയാണ് വന്ന് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. ശരി.

വളരെക്കാലത്തിന്റെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. പഞ്ചതത്വങ്ങളാൽ നിർമ്മിക്കപ്പെട്ട ഈ ശരീരത്തെ കണ്ടുകൊണ്ടും ഓർമ്മിക്കുന്നത് ബാബയെയായിരിക്കണം. ഏതൊരു ദേഹധാരിയോടും മമത്വം വയ്ക്കരുത്. വികർമ്മങ്ങൾ ഒന്നും തന്നെ ചെയ്യരുത്.

2. ഈ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകത്തിൽ ഓരോ ആത്മാവിലും അനാദിയായ പാർട്ട് അടങ്ങിയിട്ടുണ്ട്, ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു, അതുകൊണ്ട് ശരീരം ഉപേക്ഷിക്കുന്ന കാര്യത്തിൽ ഒരിക്കലും വിഷമിക്കരുത്. മോഹജീത്തായി മാറണം.

## വരദാനം-സമ്പൂർണ്ണമായ ആഹൂതിയിലൂടെ പരിവർത്തനത്തിന്റെ ആഘോഷം നടത്തുന്ന ദൃഢസങ്കൽപധാരിയായി ഭവിക്കട്ടെ.

ഭൂമിപിളർന്നാലും സ്വധർമ്മം കൈവെടിയില്ല എന്നൊരു ചൊല്ലുണ്ട്.അതുപോലെ ഏതുരീതിയിലുള്ള സാഹചര്യം മുന്നിലെത്തിയാലും, മായയുടെ അതിഭീകരമായ രൂപം മുന്നിലെത്തിയാലും സ്വന്തം ധാരണകൾ ഇല്ലാതാകരുത്.ദൃഢസങ്കൽപത്തിലൂടെ ത്യാഗം ചെയ്ത അനാവശ്യവസ്തുക്കളെ സങ്കൽപത്തിൽപ്പോലും വീണ്ടും സ്വീകരിക്കരുത്.സദാ തന്റെ ശ്രേഷ്ഠസ്വമാനം,ശ്രേഷ്ഠസ്മൃതി,ശ്രേഷ്ഠജീവിതത്തിലെ സമർത്ഥസ്വരൂപം എന്നിവയിലൂടെ ശ്രേഷ്ഠ പാർട്ടുധാരിയായി ശ്രേഷ്ഠകാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കൂ.ദുർബലതകളുടെ എല്ലാഇളക്കങ്ങളും സമാപ്തമാകട്ടെ...ഇങ്ങിനെയുള്ള സമ്പൂർണ്ണത്യാഗത്തിന്റെ സങ്കൽപം ദൃഢമാകുമ്പോഴേ പരിവർത്തനത്തിന്റെ ശുഭവേള ഉണ്ടാകുകയുള്ളൂ.ഈ ആഘോഷത്തിന്റെ ഡേറ്റ് ഇപ്പോൾ എല്ലാവരും ചേർന്ന് നിശ്ചയിക്കണം.

## സ്ലോഗൻ:- സത്യമായ വജ്രമായി(റിയൽ ഡയമണ്ട്)മാറി തന്റെ വൈബ്രേഷന്റെ തിളക്കം വിശ്വം മുഴുവനും വ്യാപിപ്പിക്കൂ.

**അവ്യക്ത സൂചന-ഏകാന്തപ്രിയരായി മാറൂ....ഏകതയെയും ,എകാഗ്രതയെയും സ്വന്തമാക്കൂ...**
സാധാരണ സേവനങ്ങൾ ചെയ്യുന്നത് ഒരു വലിയകാര്യമല്ല.എന്നാൽ മോശമായതിനെ നല്ലതാക്കുകയും, അനൈക്യത്തെ ഐക്യത്തിലേക്ക് കൊണ്ടുവരുന്നതും വലിയകാര്യം തന്നെയാണ്.ബാപ്ദാദ പറയുന്നു, ആദ്യം ഏകമതം,ഒരുബലം,ഒരുവിശ്വാസം,ഐക്യം എന്നിവ കൂടെയുള്ളവരിലും,സേവനങ്ങളിലും,വായുമണ്ഡലത്തിലും ഉണ്ടാക്കണം.